## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7965 16.7.2014- ലെ മറുപടിക്ക്

## പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഈടാക്കുന്ന നികുതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനത്ത് ഈടാക്കുന്ന നികുതികൾ ഏതൊക്കെയെന്ന് ഉൽപ്പന്നങ്ങളും ഇനങ്ങളും തിരിച്ച് വ്യക്തമാക്കുമോ ;

(എ)

| ഉല്പന്നങ്ങൾ | സംസ്ഥാനം ഈടാക്കുന്ന നികുതികൾ ഇനം തിരിച്ച് |
|---|---|
| പെട്രോൾ | വില്പന നികുതി, സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
| ഡീസൽ | വില്പന നികുതി, സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
| ഏവിയേഷൻ ടർബൈൻ ഫ്യുവൽ | വില്പന നികുതി, അധികവില്പന നികുതി, സോഷ്യൽ സെക്യൂരിറ്റിസെസ്സ് |
| ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകം | മൂല്യ വർദ്ധിത നികുതി |
| ഗാർഹികേതര പാചകവാതകം | മൂല്യ വർദ്ധിത നികുതി |
| പി.ഡി.എസ് മണ്ണെണ്ണ | മൂല്യ വർദ്ധിത നികുതി |
| മണ്ണെണ്ണ | മൂല്യ വർദ്ധിത നികുതി |
| നാഫ്ത | മൂല്യ വർദ്ധിത നികുതി |
| ഫർണസ് ഓയിൽ | മൂല്യ വർദ്ധിത നികുതി |
| ലൂബ്രിക്കന്റുകൾ | മൂല്യ വർദ്ധിത നികുതി |

(ബി) ഓരോ ഉൽപ്പന്നങ്ങൾക്കും സംസ്ഥാനം ആകെ എത്ര ശതമാനം നികുതി ഈടാക്കുന്നു എന്നും മറ്റു സംസ്ഥാനങ്ങളിൽ ഈടാക്കാത്ത ഏതെങ്കിലും നികുതികൾ കേരളത്തിൽ ഈടാക്കുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ ;

(ബി)

| ഉൽപ്പന്നം | വില്പന നികുതി | അധിക വില്പന നികുതി | മൂല്യ വർദ്ധിത നികുതി | സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
|---|---|---|---|---|
| പെട്രോൾ | 26.21% | - | - | 1% of the tax |
| ഡീസൽ | 19.80% | - | - | 1% of the tax |
| ഏവിയേഷൻ ടർബൈൻ ഫ്യുവൽ | 25% | 15% of the tax | - | 1% of the tax |

| | | | | |
|---|---|---|---|---|
| ഗാർഹിക ഉപയോഗ-ത്തിനുള്ള പാചകവാതകം | - | - | 5% | |
| ഗാർഹികേ-തര പാചക വാതകം | - | - | 14.5% | |
| പി.ഡി.എസ് മണ്ണെണ്ണ | | | 5% | |
| മണ്ണെണ്ണ | | | 14.5% | |
| നാഫ്ത | | | 5% | |
| ഫർണസ് ഓയിൽ | | | 14.5% | |
| ലൂബ്രിക്കന്റുകൾ | | | 14.5% | |

സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഈടാക്കുന്നുണ്ട്.

(സി) എതെങ്കിലും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനസർക്കാർ ഏതെങ്കിലും തരത്തിലുള്ള നികുതി ഇളവ് നൽകുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഉൽപ്പന്നത്തിന് എത്ര ശതമാനം ഇളവാണ് നൽകുന്നതെന്നും വെളിപ്പെടുത്തുമോ ?

(സി) കേരള പൊതുവില്പന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. 319/2005-ഉം അനുബന്ധ ഭേദഗതികളും അനുസരിച്ച് താഴെ സൂചിപ്പിച്ചിരിക്കുന്ന നികുതി ഇളവുകൾ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, നാഷണൽ തെർമൽ പവർ കോർപ്പറേഷൻ, 25 കിലോവാട്ട് കപ്പാസിറ്റിയിൽ കൂടുതലുള്ളതും സംയുക്ത മേഖലയിലുള്ളതും ഊർജ്ജോൽപ്പാദനം നടത്തുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനുമായി ഉപയോഗിക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 4 ശതമാനം നികുതി നിരക്കാണ് ബാധകമാകുന്നത്.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ, ലക്ഷദ്വീപ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ കോഴിക്കോട്, ലക്ഷദ്വീപ് ഹാർബർ വർക്സ്, ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ അംഗീകാരമുള്ള ഡീലർമാർ എന്നീ വിഭാഗങ്ങൾക്കും ലക്ഷദ്വീപിലെ ഉപയോഗത്തിനായി വിൽക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 4 ശതമാനം നിരക്ക് മാത്രമാണ് ബാധകം.

കേരളത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന എയർ ഇന്ത്യയുടേയും ഇന്ത്യൻ എയർലൈൻസിന്റെയും ഇന്റർ നാഷണൽ സർവ്വീസുകൾക്ക് നിറയ്ക്കുന്ന വിമാന ഇന്ധനത്തിനും വ്യവസ്ഥകൾക്ക് വിധേയമായി നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

ഇന്ത്യക്ക് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും കൺവെൻഷൻ ഓൺ ഇന്റർ നാഷണൽ സിവിൽ

ഏവിയേഷനിൽ ഉൾപ്പെട്ടതോ, ഇന്ത്യാ രാജ്യവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതോ ആയ വിമാനങ്ങൾ, ഇന്ത്യയിലേയ്ക്കോ പുറത്തേക്കോ ഷെഡ്യൂൾഡോ അല്ലാത്തവയോ ആയ ഇന്റർ നാഷണൽ സർവ്വീസ് നടത്തുന്നതിന് നിറയ്ക്കുന്ന വിമാന ഇന്ധനത്തിനും വ്യവസ്ഥകൾക്ക് വിധേയമായി നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനത്തിനുള്ള കപ്പലുകൾ അല്ലാതെ ഫോറിൻ ഗോയിംഗ് വെസ്സലുകളിൽ ഉപയോഗിക്കുന്ന ഹൈ ഫ്ളാഷ് ഹൈ സ്പീഡ് ഡീസലിന്റെ (ബങ്കർ ഫ്യൂവൽ) നികുതി നിരക്ക് വ്യവസ്ഥകൾക്ക് വിധേയമായി അര ശതമാനം മാത്രമാണ്.

കേരള വിനോദസഞ്ചാര വകുപ്പിന്റെ അനുമതിയോടു കൂടിയുള്ള ടൂറിസം പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന സീപ്ലെയിനുകളിൽ നിറയ്ക്കുന്ന ഏവിയേഷൻ ടർബൈൻ ഫ്യൂവലിന് 31.3.2017 വരെ നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി ട്രയിനിംഗിനു വേണ്ടി ഉപയോഗിക്കുന്ന വിമാനങ്ങളിൽ നിറയ്ക്കുന്ന ഏവിയേഷൻ ഫ്യൂവലിന്റെ നികുതി നിരക്ക് 1.4.2013 മുതൽ 31.3.2016 വരെ 5 ശതമാനമായി കുറച്ചിട്ടുണ്ട്.

കേരള മൂല്യവർദ്ധിത നികുത നിയമത്തിൻ കീഴിൽ പെട്രോളിയം ഉല്പന്നങ്ങൾക്ക് നൽകിയിരുന്ന നികുതി ഇളവുകൾ താഴെ ചേർക്കുന്നു.

മത്സ്യബന്ധന നൗകകൾ അല്ലാത്ത ഫോറിൻ ഗോയിംഗ് വെസ്സലുകൾക്ക് വിൽക്കുന്ന ഇന്ധനത്തിനും ലൂബ്രിക്കന്റുകൾക്കും വ്യവസ്ഥകൾക്ക് വിധേയമായി അരശതമാനമാണ് നികുതി നിരക്ക്.

ചരക്ക് നീക്കത്തിനുപയോഗിക്കുന്ന കപ്പലുകളിൽ ഉപയോഗിക്കുന്ന ഫർണസ് ഓയിലിന്റെ നികുതി നിരക്ക് നിബന്ധനകൾക്ക് വിധേയമായി 5 ശതമാനമാക്കി ധനകാര്യ ബിൽ 2014 പ്രകാരം കുറച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ